## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1933** **12-09-2023 - ൽ മറുപടിയ്ക്ക്**

## ഭിന്നശേഷിക്കാർക്കായുള്ള സ്പെഷ്യൽ സ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര സ്ഥാപനങ്ങൾ എയ്ഡഡ് ആക്കി മാറ്റിയിട്ടുണ്ടെന്നും ഈ സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് സൗജന്യമായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ? | (എ) | **കാഴ്ച - ശ്രവണ - മൂക വിഭാഗത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സർക്കാർ മേഖലയിൽ 4 കാഴ്ച പരിമിതി വിദ്യാലയങ്ങളും, 3 ശ്രവണ പരിമിതി വിദ്യാലയങ്ങളും, എയ്ഡഡ് മേഖലയിൽ 36 സ്കൂളുകളും, അൺ എയ്ഡഡ് മേഖലയിൽ 2 സ്കൂളുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. മേൽ പരാമർശിക്കുന്ന സർക്കാർ സ്പെഷ്യൽ സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും ഓരോ വർഷവും തുക അനുവദിക്കുന്നുണ്ട്. കൂടാതെ കാഴ്ച - ശ്രവണ - മൂക വിദ്യാലയങ്ങളിലെ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ബോർഡിംഗ് ഗ്രാന്റ് അനുവദിക്കുന്നുണ്ട്.**<br><br>**ഭിന്നശേഷിക്കാരായ (ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന) കുട്ടികൾക്കായി എൻ.ജി.ഒ.-കൾ, പഞ്ചായത്ത് എന്നിവ നടത്തുന്ന ഏകദേശം 300 സ്പെഷ്യൽ സ്കൂളുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. ഇത്തരം സ്കൂളുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി 2019 മുതൽ സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പിലാക്കുകയും സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പ്രകാരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, കുട്ടികളുടെ എണ്ണം, നിശ്ചിത യോഗ്യതയുള്ള ജീവനക്കാർ, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ എന്നിവ പരിഗണിച്ച് സ്കൂളുകളെ എ, ബി, സി, ഡി ഗ്രേഡുകൾ തിരിച്ച് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്ത് വരുന്നു. ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്കുള്ള ഹോണറേറിയം, കുട്ടികൾക്കുള്ള കണ്ടിജൻസി, യൂണിഫോം അലവൻസ്, മെഡിക്കൽ ചെക്കപ്പ് എന്നിവയും തെറാപ്പി ഉപകരണങ്ങൾ,** |

| | | | |
|---|---|---|---|
| | | | **കളിപ്പാട്ടങ്ങൾ എന്നിവ വാങ്ങുന്നതിനും തുക അനുവദിക്കുന്നു.** |

സെക്ഷൻ ഓഫീസർ